

സർവ്വം
ഡിജിറ്റൽ മാഗസിൻ
little KITEs
कबीर खड़ा बाज़ार में, मांगे सबकी खैर!
ना काहू से दोस्ती, न काहू से बैर!!
अर्थ:- इस संसार में आकर कबीर
अपने जीवन में बस यही चाहते हैं,
कि सबका भला हो और संसार में
यदि किसी से दोस्ती नहीं तो दुश्मनी भी न हो!
- कबीर दास जी
ഹൈസ്കൂൾ
റാന്നി പെരുനാട്
ലിറ്റിൽ കൈറ്റ്സ്
മനസാക്ഷിയെ ബാധിക്കുന്ന
പ്രശ്നത്തിൽ ഭൂരിപക്ഷ
നിയമത്തിന് പ്രത്യേക
സ്ഥാനമൊന്നുമില്ല..


HIGH SCHOOL RANNI PERUNAD
ഹൈസ്കൂൾ റാന്നി പെരുനാട്
PATHANAMTHITTA EDUCATIONAL DIST.
Estd. 1931

# സ്ഥാപകൻ



**കോയിക്കമണ്ണിൽ ശ്രീ. വേലുപിള്ള**

4

# *ആശംസ*

*സാങ്കേതികമായി  പുരോഗമിച്ച കൊണ്ടിരിക്കുന്ന നൂതനയുഗത്തിൽ എല്ലാ കുട്ടികളിലും സാങ്കേതിക പരിജ്ഞാനം മെച്ചപ്പെടുത്തുന്നതിനു വേണ്ടി പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി രൂപീകരിച്ച ലിറ്റിൽ കൈറ്റ്സ് കൂട്ടായ്മയുടെ ''സർവ്വം'' ഡിജിറ്റൽ മാഗസിന് എന്റെ എല്ലാ വിധ മംഗളങ്ങളും . ഒപ്പം ഇനിയും കൂടുതൽ ഉയരങ്ങളിലേക്ക് പറക്കാൻ കഴിയട്ടെ എന്ന് ആശംസിക്കുകയും ചെയ്യുന്നു.*

*18/01/2019*

*എസ്സ്.ലേഖ*
*(സ്കൂൾ ഹെഡ്മിസ്ട്രസ്സ്)*

# ആശംസ

*സാങ്കേതിക വിദ്യയോടുള്ള പുതുതലമുറയുടെ ആഭിമുഖ്യം ഗുണപരമായും സർഗാത്മകമായും പ്രയോജനപ്പെടുത്തുന്നതനായി റാന്നി -പെരുനാട് ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് കൂട്ടായ്മയുടെ ''സർവ്വം'' എന്ന ഡിജിറ്റൽ മാഗസിന് എന്റെ എല്ലാ വിധ ആശംസയും നേരുന്നു.*

*സിമി.എസ്സ്*
*(സ്റ്റാഫ് എഡിറ്റർ)*

# പത്രാധിപ സമിതി

ചീഫ് എഡിറ്റർ : എസ്സ്.ലേഖ
(ഹെഡ്മിസ്ട്രസ്സ്)

സ്റ്റാഫ് എഡിറ്റർ : എസ്സ്.സിമി
(സ്റ്റാഫ് സെക്രട്ടറി& കൈറ്റ് മിസ്ട്രസ്സ്)

സ്റ്റുഡന്റ് എഡിറ്റർ : മീനാക്ഷി.എസ്സ്.അനിൽ
(ലിറ്റിൽ കൈറ്റ് അംഗം)

സമിതി മറ്റംഗങ്ങൾ : കെ.സബീന
(സീനിയർ അസിസ്റ്റന്റ്)

: ബി.ബീന
(കൈറ്റ് മിസ്ട്രസ്സ്)

: സന്ധ്യ.കെ.നായർ
(സ്കൂൾ.ഐ.ടി.കോ -ഓർഡിനേറ്റർ)

: സുജ.പി.നായർ
(വിദ്യാരംഗം കൺവീനർ)

: വി.ഉഷകുമാരി
(സയൻസ് ക്ലബ്ബ് കൺവീനർ)

: സെൽവിൻ.ജോസഫ്
(ലിറ്റിൽ കൈറ്റ് അംഗം)

: അഭിജിത്ത്.എസ്സ്
(ലിറ്റിൽ കൈറ്റ് അംഗം)

: അതുൽ.എം.എസ്സ്
(ലിറ്റിൽ കൈറ്റ് അംഗം)

: അർച്ചന.ഗോപൻ
(ലിറ്റിൽ കൈറ്റ് അംഗം)

: ദേവിക.ആർ.നായർ(ലിറ്റിൽ കൈറ്റ് അംഗം)

# ഉള്ളടക്കം

മുഖപ്രസംഗം

കവിതകൾ

ഗുരു.................................................................11..

അമ്മ..................................................................12..

അമ്മ..................................................................13..

കാലചക്രം..........................................................15.

ബാല്യകാലം.......................................................... 18

आशा का दिपक..... 19

The school boy.......................................................20

ലേഖനം

സ്നേഹം.................................................................22

കേരളം കണ്ട ഏറ്റവും വലിയ പ്രളയം.......................23

കൃഷികലണ്ടർ........................................................26

സർവ്വസമവാക്യങ്ങൾ...............................................27

Mathematics in 2019..............................................28

മനുഷ്യ കംപ്യൂട്ടർ..................................................... 29


Brain text..............................................................30

വൃത്ത തത്ത്വങ്ങൾ സമവാക്യങ്ങൾ........................ 31

**മുഖപ്രസംഗം**

*വിദ്യാഭ്യാസത്തിന്റെ പുതിയ പടവുകൾ ഡിജിറ്റൽ മീഡിയയിലൂടെ പടുത്തുയർത്തുകയാണ് പുതുതലമുറ. കാലഘട്ടത്തിന്റെ അനിവാര്യതയുതകുന്ന പഠന മേഖലയിലൂടെ വിദ്യാഭ്യാസരംഗം പുത്തനുണർവ്വ് കൈവരിക്കുന്നു. ഡിജിറ്റൽ മീഡിയ രംഗത്ത് ചുവടുവയ്ക്കുന്ന കൗമാരത്തിന്റെ രേഖപ്പെടുത്തലുകൾ സർഗ്ഗാത്മക സൃഷ്ടികളുടെ വിളംബരം സാധ്യമാക്കുന്ന ഡിജിറ്റൽ മാഗസിൻ,ലിറ്റിൽ കൈറ്റ്സ് കൂട്ടുകാർ ഏവർക്കും മുമ്പിൽ സസ്നേഹം സമർപ്പിക്കുന്നു.*

# കവിതകൾ






# ഗുരു

കുറിച്ചു തന്നെൻ ഗുരുനാഥയെ

അന്ധകാരത്തിൽ ധരണിയിൽ

പ്രകാശമായ് വന്നെൻ ഗുരുനാഥയെ

ഇന്നെൻെറ അറിവിൻ ആദ്യാക്ഷരങ്ങൾ

കുറിച്ചു തന്നെൻ ഗുരുനാഥയെ

അന്ധകാരത്തിൽ ധരണിയിൽ
പ്രകാശമായ് വന്നെൻ ഗുരുനാഥയെ

സ്വപ്നങ്ങളിൽ വെള്ളിവെളിച്ചമായ്

നിറഞ്ഞു നിൽക്കുന്നൊരെ ഗുരുനാഥയെ

എന്നെന്നും സ്മരിക്കുന്നു ഞാൻ.....

സ്മരിക്കുന്നു ഞാനെൻ ഗുരുനാഥയെ

അക്ഷയ. പ്രകാശ്

10 എ



## അമ്മ

ആദ്യാക്ഷരമായ് ചുണ്ടുകളിൽ നിറയുന്ന

സ്നേഹത്തിൽ സുഗന്ധമാണെന്നമ്മ

കാരുണ്യത്തിൽ സ്പർശനമാം

പ്രകാശമാണെന്നമ്മ

എൻെറ നെഞ്ചോടുചേർത്ത് താരാട്ടുപാടി

വാനോളം സ്നേഹിക്കുമെന്നമ്മ

എന്റെ എല്ലാമെല്ലാമാണെന്നമ്മ............

അപർണ. ബിജു

9 എ

## അമ്മ



*മക്കളായ് നാലുപേരുണ്ടെങ്കിലും*

*അമ്മ ഏകയാണീ ഊഴിയിൽ*

*അച്ഛൻ മറഞ്ഞൊരു കാലം മുതൽ അമ്മ*

*ഭാരമായ് തീർന്നുവോ നാലുപേർക്കും?*

*നാഴരി മണ്ണം പകുത്തെടുത്ത് മക്കൾ*

*അച്ഛൻെറയാത്മാവുറങ്ങുന്ന*

*മണ്ണിലന്നന്തിത്തിരി കൺതുറന്നതില്ല*

*ഉള്ളം തുളുമ്പുന്നൊരോർമ്മകൾ*

*നോവലിന്റെയാഴം പെരുക്കിച്ചിതയെരിച്ച*

*ദൃശ്ശകുനം പോലെ അമ്മയെക്കണ്ടൊരാ*

*മക്കൾ നടന്നു മറയുന്നതും നോക്കി*

*നെഞ്ചുപൊളിഞ്ഞമ്മ നീറിനിന്നു*

*ചെല്ലക്കഥകൾ നുകർന്നു രസിച്ചൊരാ*

*ശാസിച്ച നിർത്തി മരുമകളെങ്കിലും*

*മുത്തശ്ശിക്കൊപ്പമൊന്നോടിയെത്താൻ*

*14 കൈനീട്ടി നിന്നു കരഞ്ഞു പൈതൽ*

*അന്യയായമ്മുമ്മ നൊന്തു നിൽക്കെ*

*വിങ്ങിനുറുങ്ങിയോ കുഞ്ഞിൻ പൈതൽ*

*നിർമലർ ബാല്യമേ നിന്നിൽ*

*പകനട്ടൊരച്ഛനും അമ്മും എന്തു നേടി*

*മക്കളെ ഓർക്കുക തീരാത്ത ദുരിതമായ്*

*നിങ്ങളെ ചുഴുന്നതാപമായ്*

*തീരുമീ മാതൃശാപം*

*ആരോ വിലയിട്ടോരാനാലുകെട്ടിന്റെ*

*നോവുപോലമ്മ പകച്ചു*

*പോകാനിടമില്ലയൊന്നൊരു ദുഃഖമല്ലമ്മതൻ*

*നെഞ്ചൽ തിളച്ചതപ്പോൾ*

*അച്ഛനുണ്ടായിരുന്നെങ്കിലെന്നായമ്മ*

*ഉള്ളം തപിച്ചു കൊതിച്ചുപോയി*

*പ്രതിക്രിയയായ് വന്നു കുട്ടിയാലും*

*തീരുമോ മക്കളെ നിങ്ങളെ പോറ്റിയ*

*പെറ്റവയറിന്റെ തീരാക്കടം????*



## കാലചക്രം

ഒരുമിച്ച ചേരണമെന്നാഗ്രഹിച്ച നാം

കാലമാം കൈകൾ തന്നെ അകറ്റി

ഇനിയും വിരിയുന്ന പൂക്കൾ തൻ സൗരഭ്യം

കാലമിന്നു നമ്മെ ഓർമ്മയാക്കി

കാലചക്രം വീണ്ടും നൃത്തമാടി

പൂക്കൾ തൻ സൗരഭ്യം നുകരാൻ കഴിയാതെ

പെയ്യുന്ന അഴകുള്ള മഴയുടെ താളവും
കേൾക്കാതെ

ദൂരെ ആ ദിക്കിലേക്ക് ചിന്നി മാറുന്ന നാം

ആത്മാവിനാഹ്ലാദ നൃത്തമാടുവാനായി

ഓർമ്മകൾ മാത്രം ഇന്നു ബാക്കി.

അക്ഷയ. പ്രകാശ്

10 .ബി

നുകരാൻ നമ്മെ അനുവദിച്ചില്ല.

കാലമിന്നു നമ്മെ ഓർമ്മയാക്കി

കാലചക്രം വീണ്ടും നൃത്തമാടി

പൂക്കൾ തൻ സൗരഭ്യം നുകരാൻ കഴിയാതെ

പെയ്യുന്ന അഴകുള്ള മഴയുടെ താളവും കേൾക്കാതെ

ദൂരെ ആ ദിക്കിലേക്ക് ചിന്നി മാറുന്ന നാം

ആത്മാവിനാഹ്ലാദ നൃത്തമാടുവാനായി

ഓർമ്മകൾ മാത്രം ഇന്നു ബാക്കി.

അക്ഷയ. പ്രകാശ്

10 .ബി



## ബാല്യകാലം

ഒരു മയിൽപ്പീലി പോലെൻ മനതാരിൽ

നിറയുന്ന കവിതയാണെൻെറ ബാല്യം

മുത്തശ്ശി കഥയിലെ പുരാണരൂപങ്ങൾ

മനസ്സിൽ നിറച്ച എൻ മധുരകാലം

ഓണക്കാലത്ത് പൂക്കളമിട്ടും ഓണത്തു പിടിച്ചുംനടന്ന

വിഷുനാൾ കണികണ്ടും കൈനീട്ടം

ശകാരങ്ങൾ കേട്ടേൻ നൊമ്പരക്കാലം

"എൻ പ്രിയ ബാല്യകാലം"

സാന്ദ്രാ സത്യവാൻ,9A

# आशा का दीपक

रामधारी सिंह दिनकर

*वह प्रदीप जो दीख रहा है झिलमिल दूर नहीं है;*
*थक कर बैठ गये क्या भाई मन्जिल दूर नहीं है।*
*चिंगारी बन गयी लहू की बूंद गिरी जो पग से;*
*चमक रहे पीछे मुड़ देखो चरण-चिह्न जगमग से।*
*बाकी होश तभी तक, जब तक जलता तूर नहीं है;*
*थक कर बैठ गये क्या भाई मन्जिल दूर नहीं है।*

*अपनी हड्डी की मशाल से हृदय चीरते तम का;*
*सारी रात चले तुम दुख झेलते कुलिश का।*
*एक खेय है शेष, किसी विध पार उसे कर जाओ;*
*वह देखो, उस पार चमकता है मन्दिर प्रियतम का।*
*आकर इतना पास फिरे, वह सच्चा शूर नहीं है;*
*थककर बैठ गये क्या भाई! मंज़िल दूर नहीं है।*

# THE SCHOOLBOY



*I love to rise in a summer`morn*
*When the bird sing on every tree;*
*The distant huntsman wind his horn,*
*And the skylark sing with me:*
*O what sweet company!*

*But to go school in a summer morn ,-*
*O it drives all joy away!*
*Under a cruel eye outworn,*
*The little ones spend the day*
*In sighing and dismay.*

***WILLIAM BLAKE***

# ലേഖനം





# സ്നേഹം

ജീവിതത്തിലെ ഏറ്റവും ഉൽകകൃഷ്ടമായ ഗുണവിശേഷമാണ് സ്നേഹം. സ്നേഹം ഒരു പ്രദർശനമല്ല. അത് മനസ്സറിഞ്ഞ് നാം മറ്റുള്ളവർക്ക് നൽകേണ്ടുന്ന സമ്മാനമാണ്. സ്നേഹിക്കാനും,സ്നേഹിക്കപ്പെടാനും എല്ലാവരും ആഗ്രഹിക്കുന്നു. ഹൃദയത്തിൽ സ്നേഹമില്ലാത്തവർ ഒരു പാറക്കല്ലുപോലെയായിരിക്കും. പ്രകടിപ്പിക്കുന്നതിൽ നാം ഒരിക്കലും പിശുക്ക് കാണിക്കരുത്. മറ്റുള്ളവർ നമ്മോട് സ്നേഹം പ്രകടിപ്പിക്കുമ്പോൾ അവരോട് തിരിച്ച് മുഖം കറുപ്പിക്കാതെ സ്നേഹത്തോടെ പെരുമാറണം . ഉള്ളിൽ ഉള്ള സ്നേഹം പൊതിഞ്ഞുമൂടാതെ അതു മറ്റുള്ളവർക്ക് പകർന്നു നൽകണം. മറ്റുള്ളവരുടെ സ്നേഹവും, ആദരവും നമുക്ക് കിട്ടണമെങ്കിൽ നാം നമ്മുടെ ഉള്ളിലൂടെ സ്നേഹം പുറത്ത് കാണിച്ചേ പറ്റൂ. നാം പൊതുവെ സ്നേഹം പ്രകടിപ്പിക്കാൻ വിമുഖത കാട്ടുന്നവരാണ്. അത് എന്തു കാരണത്താലാണ്എന്ന് നമുക്ക് തന്നെ അറിയില്ല. ഒന്നുകിൽ നാം മറ്റൊരാളോട് സ്നേഹം പ്രകടിപ്പിക്കുന്നത് മൂന്നാമതൊരാൾ കണ്ടാൽ എന്തു വിചാരിക്കും എന്നും കരുതിയിട്ടാണോ? അതോ സംസ്കാരത്തിന്റെ ഒരു ഭാഗമായിട്ടാണോ? ഇതൊന്നുംകൊണ്ടല്ല നാം സ്നേഹം പ്രകടിപ്പിക്കുന്നത്. മറ്റൊരാൾക്ക് നമ്മുടെ ഉള്ളിൽ സ്നേഹം ഉണ്ട് എന്ന് തോന്നിപ്പിക്കാൻ വേണ്ടിയാകരുത്. മനസ്സറിഞ്ഞ് വേണം ഏതൊരാളേയും സ്നേഹിക്കാൻ. വിളക്കുകത്തിച്ച് പറയുടെ കീഴിൽ വയ്ക്കാറില്ല. വിളക്കു പീഠത്തിൽ വയ്ക്കുന്നതുകൊണ്ട് വീട്ടിലുള്ളവർക്കെല്ലാം വെളിച്ചം നമുക്ക് ലഭിക്കുന്നു നമ്മുടെ മനസ്സിൽ തെളിച്ചു. വെച്ചിരിക്കുന്ന സ്നേഹം പറഞ്ഞു എടുക്കാൻ ഒരിക്കലും നാം മടിക്കാണിക്കരുത്.


"സ്നേഹത്തിന്റെ നോട്ടം മിഴികൾ കൊണ്ടല്ല. മനസ്സുകൊണ്ടാണ്

അക്സ എബ്രഹാം

10 എ

23

# POLLUTION




**POLLUTION IS NOTHING BUT THE RESOURCES WE ARE NOT HARVESTING,WE ALLOW THEM TO DISPERSE BECAUSE WE'VE BEEN IGNORANT OF THEIR VALUE**



# കേരളം കണ്ട ഏറ്റവും വലിയ പ്രളയം


കേരളക്കര ഒരിക്കലും മറക്കാത്ത ഒരു ദിവസമാണ് ആഗസ്റ്റ് 15 സ്വാതന്ത്ര്യ ദിനം.പക്ഷെ 2018 ആഗസ്റ്റ്14 രാത്രിയുടെ കടുപ്പത്തിലും ശക്തമായ മഴയും ആഗസ്റ്റ് 15 -ന് കേരളത്തിന് പ്രളയമാണ് കാഴ്ച വച്ചത്.നിമിഷ നേരം കേരളത്തിലെ 14 ജില്ലകളും വെള്ളത്തിൽ മുങ്ങി നിൽക്കുന്നു.ഒന്നും ചെയ്യാൻ കഴിയാതെ നിസ്സഹായരായി ഉടുത്ത വസ്ത്രം മാത്രം കയ്യിലുള്ളവർ പാവപ്പെട്ടവനോ പണക്കാരനോ ഇല്ലാതെ സുരക്ഷ ക്യാമ്പിൽ അഭയം പ്രാപിച്ചവർ.സുരക്ഷ സേനകളും സൈന്യ പ്രവർത്തകരും ജനങ്ങളെ രക്ഷിക്കാൻ മുന്നിട്ടിറങ്ങി.കേരള ജനത പുഛത്തോടെ നോക്കി.പണ്ട് മത്സ്യ തൊഴിലാളികൾ14 ജില്ലകളിലും അവർ തങ്ങളുടെ ബോട്ടുകൾ ലോറികളിൽ എത്തിച്ച് തങ്ങളുടെ രക്ഷപ്രവർത്തനം കാഴ്ച വച്ചു.മുഖ്യമന്ത്രി ശ്രീ.പിണറായി വിജയൻ പറഞ്ഞത് കേരളത്തിന്റെ സേന മത്സ്യതൊഴിലാളികൾ ആണെന്നാണ്.പുതുതലമുറയെ പഴി പറഞ്ഞവർ അവരുടെ പ്രവർത്തനം കണ്ടത് പ്രളയ കാലത്താണ്.പ്രളയമൊഴിഞ്ഞിട്ടും കണ്ണുനീർ തോർന്നില്ല കേരളത്തിന്. കേരളം ഇനിയും ഒരു നവ കേരളം ആയി കെട്ടി പടുത്തുയർത്താൻ കഴിയുന്നുണ്ടെങ്കിൽ അത് പ്രളയത്തിന് കാണിച്ച ഏകസ്വരതയാണ്.സമൂഹമാധ്യമങ്ങൾ കേരളത്തെ വളരെയധികം ചെയ്ത ഒര്രു അവസരം കൂടിയാണിത്.പലപ്പോഴും വാക്കുകൾ വളച്ചൊടിച്ച് വാദിയെ പ്രതിയാക്കുന്ന സമൂഹമാധ്യമങ്ങൾ പക്ഷെ കേരളത്തിന്റെ ദയനീയവസ്ഥയെ ലോകത്തിന് മുന്നിൽ തുറന്നു കാട്ടിയ സഹായ ഹസ്തം അഭ്യർഥിക്കുകയാണുണ്ടായത്.കേരളം ഇപ്പോൾ മാറ്റത്തിന്റെ പാതയിലാണ്.പ്രളയത്തിന്റെ ഭീകരതയെ മറന്ന് ജീവിതത്തെ ഒന്നിൽ നിന്ന്

തുടങ്ങുന്നു.നല്ലൊരു കേരളത്തിനായി നമുക്ക് കൈ കോർക്കാം.

അനശ്രീ അനിൽകുമാർ

10A





# വൈക്കം മുഹമ്മദ് ബഷീർ

*മലയാള നോവലിസ്റ്റും കഥാകൃത്തും സ്വാതന്ത്ര്യസമര പോരാളിയുമായിരുന്ന ബേപ്പൂർ സുൽത്താൻ എന്ന അപരനാമത്തിലും അറിയപ്പെടുന്ന വൈക്കം മുഹമ്മദ് ബഷീർ (ജനനം:21 ജനുവരി 1908 തലയോലപ്പറമ്പ് ,വൈക്കം - മരണം :5 ജൂലൈ 1994 ബേപ്പൂർ,കോഴിക്കോട്).1982 ൽ ഇന്ത്യ ഗവൺമെന്റ് പത്മശ്രീ പുരസ്കാരം നൽകി ആദരിച്ചു.ആധുനിക മലയാള സാഹിത്യത്തിൽ ഏറ്റവുമധികം വായിക്കപ്പെട്ട എഴുത്തുകാരിലൊരാൾ എന്ന് വിശേഷിക്കപ്പെട്ടു.ജനകീയനായ എഴുത്തുകാരനായിരുന്നു ബഷീർ.*

# കൃഷി കലണ്ടർ

| | |
|---|---|
| നെല്ല് | ഏപ്രിൽ - മെയ് |
| ചീര | എല്ലാ കാലത്തും |
| വെണ്ട | ഫെബ്രുവരി - മാർച്ച് |
| കൈപ്പ | ജനുവരി - ഫെബ്രുവരി |
| പടവലം | ജനുവരി - ഫെബ്രുവരി |
| വെള്ളരി | ജനുവരി- ഫെബ്രുവരി |
| മത്തൻ | ജനുവരി - ഫെബ്രുവരി |
| കുമ്പളം | ജനുവരി - ഫെബ്രുവരി |
| വഴുതന | മെയ് - ജൂൺ |
| പച്ചമുളക് | മെയ് - ജൂൺ |
| തക്കാളി | ഒക്ടോബർ - നവംബർ |
| പയർ | മെയ് - ജൂൺ |
| ചേന | ഫെബ്രുവരി - മാർച്ച് |
| ചേമ്പ് | മെയ് - ജൂൺ |
| കാച്ചിൽ | മാർച്ച് - ഏപ്രിൽ |
| ഇഞ്ചി | ഏപ്രിൽ - മെയ് |
| മഞ്ഞൾ | ഏപ്രിൽ - മെയ് |
| മരിച്ചീനി | ഏപ്രിൽ - മെയ് |
| കാബേജ് | ഒക്ടോബർ - നവംബർ |

*27*

# *സർവ്വസമവാക്യങ്ങൾ*

1. $(a+b)x = ax+bx$

2. $(a+b)(c+d) = ac+ad+bc+bd$

3. $(x+a)(x+b) = x^2+(a+b)x+ab$

4. $(a+b)^2 = a^2+2ab+b^2$

5. $(a-b)^2 = a^2-2ab+b^2$

6. $a^2-b^2 = (a+b)(a-b)$

* * * * * * * * * * * *

# Mathematics in 2019

$$7^2 + 11^2 + 43^2 = 2019$$

$$7^2 + 17^2 + 41^2 = 2019$$

$$13^2 + 13^2 + 41^2 = 2019$$

$$11^2 + 23^2 + 37^2 = 2019$$

$$17^2 + 19^2 + 37^2 = 2019$$

$$23^2 + 23^2 + 31^2 = 2019$$




# <u>മനുഷ്യ കംമ്പ്യൂട്ടർ</u>


1929 നവംബർ 4 ന് ബാംഗ്ളൂരിലാണ് കംമ്പ്യൂട്ടറിനെ തോൽപ്പിച്ച അത്ഭുത വനിത എന്ന് ലോകം വിളിച്ച ഗണിത ശാസ്ത്ര ലോകത്തെ വിസ്മയമായ ശകുന്തള ദേവി ജനിച്ചത് .ഒരുതരത്തിലുമുള്ള ഔപചാരിക വിദ്യാഭ്യാസവുംനേടിയിട്ടില്ലാത്ത ശകുന്തളാദേവി ആറാം വയസ്സിൽ മൈസൂർ സർവ്വകലാശാലയിലും എട്ടാം വയസ്സിൽ അണ്ണാമലൈ സർവ്വകലാശാലയിലും ശരവേഗകണക്കിന്റെ വിസ്മയം തീർത്തു . ശകുന്തളാദേവി തന്റെ 51 -ാം വയസ്സിൽ ഒരു പതിമൂന്ന് അക്ക സംഖ്യയെ മറ്റൊരു പതിമൂന്നക്ക സംഖ്യ കൊണ്ട്ഗുണിച്ച് വെറും 28 സെക്കന്റുകൾക്കുള്ളിൽ മനക്കണക്കായി ഉത്തരം കണ്ടെത്തി .

വിവിധ ഭാഷകളിലേക്ക് തർജ്ജിമ ചെയ്യപ്പെട്ട ഗണിത ശാസ്ത്ര സംബന്ധിയായ മുപ്പതിലധികം പുസ്തകങ്ങൾ അവർ എഴുതിയിട്ടുണ്ട്.1977 ൽ കംമ്പ്യൂട്ടറിനെ തോൽപ്പിച്ച അത്ഭുത പ്രകടനം നടക്കുമ്പോൾ അവർക്ക് 48 വയസ്സായിരുന്നു പ്രായം. അമേരിക്കയിലെ ഡള്ളാസിൽ കംമ്പ്യൂട്ടറുമായി ക്യൂബ് റൂട്ട് മത്സരത്തിൽ ഏർപ്പെട്ട ശകുന്തളാദേവി 50 സെക്കന്റിനകമാണ് ഉത്തരം നല്കിയത്. 201 അക്കസംഖ്യയുടെ 23 -ാം വർഗ്ഗ മൂലം ശകുന്തളാദേവി മനക്കണക്കിലൂടെ കണ്ടെത്തി.അക്കങ്ങൾ പോലും അത്ഭുതത്തോടെ നോക്കിയ കംമ്പ്യൂട്ടർ വനിതയായ ശകുന്തളാദേവി കണക്കിന്റെ കളികളെ ഉള്ളം കയ്യിൽ കൊണ്ടു നടന്ന് മനുഷ്യ കംമ്പ്യൂട്ടർ എന്ന വിശേഷണം സ്വന്തമാക്കിയ ആ ഇന്ത്യൻ പ്രതിഭയുടെ ഓർമ്മകൾക്കു മുൻപിൽ പ്രണാമം .......

30




*Answer = 4*




# വൃത്തം - തത്വങ്ങൾ , സമാവക്യങ്ങൾ

* 'r' ആരമായവൃത്തത്തിന്റെ ചുറ്റളവ് $=2\pi r$



* 'r' ആരമായവൃത്തത്തിന്റെ പരപ്പളവ് $= \pi r^2$




## ചാപം , കേന്ദ്രകോൺ

* ഒരു വൃത്തഭാഗമാണ് ചാപം .

* ഒരുചാപത്തിന്റെ അഗ്രബിന്ദുക്കൾ

വൃത്തകേന്ദ്രവുമായി യോജിപ്പിക്കുമ്പോൾ ഉണ്ടാകുന്ന കോണാണ് കേന്ദ്രകോൺ


$$\text{ചാപനീളം} = \frac{x}{360} * 2\pi r$$

## വൃത്താംശം

* ഒരു ചാപവും അതിന്റെ അഗ്രങ്ങളിലൂടെയുള്ള ആരങ്ങളും

ചേർന്നവൃത്തഭാഗമാണ് വൃത്താംശം.

$$\text{വൃത്താംശത്തിന്റെ പരപ്പളവ്} = \frac{x}{360} * \pi r^2$$





# നന്ദി

ലിറ്റിൽ കൈറ്റ്സ് പദ്ധതിയുടെ നേതൃത്വത്തിൽ രൂപീകരിച്ച 'സർവ്വം' എന്ന മാഗസിനിൽ സർവ്വാത്മനാ പ്രവർത്തിച്ച എല്ലാവർക്കും ഞങ്ങളുടെ നന്ദി അറിയിക്കുന്നു.

KERALA INFRASTRUCTURE AND
TECHNOLOGY FOR EDUCATION
PRESENTS



